(ഡി) നിലവിൽ എത്ര ഒഴിവുകളുണ്ട് ; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ നിലവിലെ ലിസ്റ്റിൽനിന്നും പി.എസ്.സി. മുഖേന 1962 പേർക്ക് അഡ്വൈസ് മെമ്മോ നൽകി. 596 പേർ ജോലിയിൽ പ്രവേശിക്കുകയും 693 പേർ എക്സ്റ്റൻഷൻ വാങ്ങുകയും ചെയ്തിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ പി.എസ്.സി. നിർദ്ദേശിച്ച 1962 പേർക്ക് നിയമന ഉത്തരവ് നൽകി.

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും 673 പേർ എൻ.ജെ.ഡി. ആയിട്ടുണ്ട്. 2-2-2016-ന് നടന്ന കൗൺസിലിംഗിൽ ഉള്ള എൻ.ജെ.ഡി. ഒഴിവുകൾ ഒഴികെ ബാക്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) അസിസ്റ്റന്റ് സർജന്മാരുടെ 200 ഒഴിവുകളാണുള്ളത്. 2-2-2016-ന് നടന്ന കൗൺസിലിംഗിലുള്ള എൻ.ജെ.ഡി. ഒഴിവുകൾ ഒഴികെ എല്ലാ ഒഴിവുകളും പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്.

നഴ്സുമാരുടെ പ്രശ്നങ്ങൾ

81(781) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും നേഴ്സുമാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് കേരള ഗവൺമെന്റ് നേഴ്സ് യൂണിയൻ (കെ.ജി.എൻ.യു.) നൽകിയ നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുരുഷ നേഴ്സുമാർക്ക് പ്രത്യേകമായിട്ടുള്ള യൂണിഫോമിന്റെ ഉത്തരവ് നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള ഉത്തരവ് ഉടൻ നൽകുമോ എന്നറിയിക്കുമോ;

(സി) യൂണിഫോം അലവൻസ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കമ്മിറ്റിയെ നിയമിച്ചിട്ടില്ല. ഇതുസംബന്ധിച്ച് കേരള ഗവൺമെന്റ് നഴ്സ് യൂണിയൻ (കെ.ജി.എൻ.യു.) നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുരുഷ നഴ്സുമാർക്ക് പ്രത്യേകമായിട്ടുള്ള യൂണിഫോമിന്റെ ഉത്തരവ് നിലവിലില്ല. അവർ വിദ്യാർത്ഥികളായിരുന്നപ്പോൾ ഉപയോഗിച്ചിരുന്ന അതേ യൂണിഫോം മാതൃകയാണ് ഉപയോഗിക്കുന്നത്. പുരുഷ നഴ്സുമാരുടെ നിലവിലുള്ള യൂണിഫോം പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടില്ല.

(സി) 20-1-2016-ലെ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് നമ്പർ ധ.ഉ.(പി)നമ്പർ 7/2016/ധന പ്രകാരം യൂണിഫോം അലവൻസ് 1,600 രൂപയിൽ നിന്നും 2,400 രൂപ ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

ആശുപത്രികളിലെ വിവിധ പരിശോധനകൾക്കും സേവനങ്ങൾക്കുമുള്ള ഫീസ്

82(782) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആശുപത്രികളിലെ വിവിധ പരിശോധനകൾക്കും സേവനങ്ങൾക്കുമുള്ള ഫീസ് നിരക്ക് വർദ്ധിപ്പിച്ചിരുന്നോ;

(ബി) എങ്കിൽ ഏതൊക്കെ ഇനങ്ങൾക്ക് എത്ര തുക വർദ്ധിപ്പിച്ചു വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഫീസ് വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യങ്ങൾ എന്തൊക്കെയായിരുന്നു;

(ഡി) സർക്കാർ ആശുപത്രികളിലെ എല്ലാവിധ പരിശോധനകളും സേവനങ്ങളും സൗജന്യമാക്കുന്നതിന് പദ്ധതിയുണ്ടോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആശുപത്രികളിലെ വിവിധ പരിശോധനകൾക്കും സേവനങ്ങൾക്കുമുള്ള ഫീസ് നിരക്ക് വർദ്ധിപ്പിച്ചിട്ടില്ല.

(ഡി) സർക്കാർ ആശുപത്രികളിലെ എല്ലാവിധ പരിശോധനകളും സേവനങ്ങളും സൗജന്യമാക്കുന്ന കാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly